**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 2354**
**23.01.2014- ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി – ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം**

ചോദ്യം
ശ്രീ. എളമരം കരീം

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എത്ര ജീവനക്കാർ 2013 ഡിസംബർ 31 വരെ അംഗങ്ങളായിട്ടുണ്ട്; | 2013 ഡിസംബർ 31 വരെ സർവ്വീസിൽ പ്രവേശിച്ച ഏകദേശം പതിനായിരം ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവരിൽ നിന്നും ജീവനക്കാരുടെ വിഹിതം പിടിച്ചെടുക്കുന്നുണ്ടോ? | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടേയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. പി.എഫ്.ആർ.ഡി.എ നിർദ്ദേശിച്ചിട്ടുള്ള ഏജൻസികളായ നാഷണൽ പെൻഷൻ സ്കീം ട്രസ്റ്റ്, നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടു കൂടി സർക്കാരാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള സർക്കാർ വിഹിതം എത്ര മാസം വരെയുള്ളതാണ് ഇതിനകം അടച്ചിട്ടുള്ളത്? | |
| (ഡി) | ഏത് ഏജൻസിയെയാണ് പദ്ധതി നടപ്പിലാക്കാൻ ഏല്പിച്ചത്; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ